**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2662** **02-08-2021 - ൽ മറുപടിയ്ക്ക്**

**ഉദുത്തി വില്ലേജ് ഓഫീസിൽ സമർപ്പിക്കുന്ന അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ** | | **Shri. K. Rajan**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | ചെറുവത്തൂർ വില്ലേജ് ഓഫീസ് വിഭജിച്ച് ഉദുത്തി വില്ലേജ് ഓഫീസ് ആരംഭിച്ചതിനു ശേഷം, ഉദുത്തി വില്ലേജിനകത്തെ അപേക്ഷകർക്ക് സി.എം.ഡി.ആർ.എഫ്, എൻട്രൻസ് പരീക്ഷകൾ എന്നിവ ഉൾപ്പെടെയുള്ള മറ്റ് കാര്യങ്ങൾക്കും അപേക്ഷ നൽകാൻ കഴിയാതെ വരുന്നത് ഉദുത്തി വില്ലേജ് എന്ന ഓപ്ഷൻ സൈറ്റിൽ ഇല്ലാത്തതിനാൽ ആണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | വില്ലേജ് അധികൃതരെ ഇതറിയിച്ചിട്ടും ഈ ഓപ്ഷൻ സൈറ്റിൽ ഉൾപ്പെടുത്താൻ കഴിയാതെ വരുന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | റവന്യൂ വകുപ്പിന്റെ ഓൺലൈൻ സേവനങ്ങൾ പൊതു ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് വേണ്ടി റവന്യൂ വകുപ്പ് വികസിപ്പിച്ചതും കൈകാര്യം ചെയ്യുന്നതുമായ E-district, Revenue Land Information System (RELIS), CMDRFഎന്നീ വെബ് പോർട്ടലുകളിൽ കാസർഗോഡ് ജില്ലയിലെ ഹൊസ്ദുർഗ് താലൂക്കിലെ ഉദുത്തി വില്ലേജ് ഓഫീസ് പ്രത്യേക കാര്യാലയമായി തന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്. E-district, Revenue Land Information System (RELIS), CMDRFവെബ് പോർട്ടലുകളിലൂടെ ഉദുത്തി വില്ലേജിൽ നിന്നും ലഭിക്കേണ്ട എല്ലാ ഓൺലൈൻ സേവനങ്ങൾക്കും ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുവാൻ സാധിക്കുന്നതാണ്. മറ്റ് വകുപ്പുകളോ സ്ഥാപനങ്ങളോ വികസിപ്പിച്ച് കൈകാര്യം ചെയ്യുന്ന വെബ് പോർട്ടലുകളിലോ ആപ്ലിക്കേഷനുകളിലോ ലഭ്യമാകുന്ന ഡാറ്റയിൽ റവന്യൂ വകുപ്പിന് നിയന്ത്രണമില്ല. |

സെക്ഷൻ ഓഫീസർ